**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3037** **25-06-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദവിവരം പഞ്ചായത്ത് തിരിച്ച് കണക്ക് സഹിതം ലഭ്യമാക്കുമോ; | (എ) | മഞ്ചേശ്വരം, വോർക്കാടി, പുത്തിഗെ, എൻമകജെ, കുമ്പള, മംഗൽപ്പാടി എന്നീ 6 പഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റിയും മീഞ്ച, പൈവലിക എന്നീ പഞ്ചായത്തുകളിൽ ജലനിധിയുമാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദവിവരം <u>അനുബന്ധം 1</u> ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ജലജീവൻ പദ്ധതിക്കായി കണ്ടെത്തിയ കുടിവെള്ള സ്രോതസ്സ് സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ; | (ബി) | മഞ്ചേശ്വരം-വോർക്കാടി പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾക്ക് മഞ്ചേശ്വരം പഞ്ചായത്തിലെ ഉപ്പള പുഴയിലെ ആനക്കൽ പ്രദേശത്തുള്ള ഇൻടേക്ക് കിണർ സ്രോതസ്സായി ഉപയോഗിക്കുന്നു.<br><br>പുത്തിഗെ പഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്ക് മുളിയാർ പഞ്ചായത്തിലെ ചന്ദ്രഗിരി പുഴയിലെ ബാവിക്കര പ്രദേശത്തെ ഇൻടേക്ക് കിണർ സ്രോതസ്സായി ഉപയോഗിക്കുന്നു.<br><br>എൻമകജെ പദ്ധതിക്ക് ഷിറിയ പുഴയിലെ അട്ടക്കസ്ഥല പ്രദേശത്തെ ഇൻടേക്ക് കിണർ സ്രോതസ്സായി ഉപയോഗിക്കുന്നു.<br><br>കുമ്പള-മംഗൽപ്പാടി പദ്ധതിക്ക് ഷിറിയ പുഴയിലെ പൂക്കട്ട പ്രദേശത്തെ ഇൻടേക്ക് കിണർ സ്രോതസ്സായി ഉപയോഗിക്കുന്നു.<br><br>മീഞ്ച ഗ്രാമപഞ്ചായത്തിലെ ബാളിയൂർ, ബേരിക്ക, ബുദ്രിയ, ധൂമരക്കാട്, ഏലിയാന, സന്തടുക്ക, 2 വിവിധ സ്കീമുകളിൽ നിന്നുള്ള കണക്ഷനുകൾ എന്നിവയുടെ സ്രോതസ്സായി ഉപ്പള പുഴയും ദുർഗ്ഗിപ്പള്ള സ്കീമിന് സ്രോതസ്സായി തുറന്ന കിണറും 6 മൈക്രോ സ്കീമുകൾക്കായി കുഴൽ കിണറും സ്രോതസ്സായി കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പൈവളികെ ഗ്രാമപഞ്ചായത്തിലെ പൈവളികെ പദ്ധതി, കുരുടപദവു, വിവിധ സ്കീമുകൾ, പമ്പിംഗ് മെയിൻ, വിവിധ കുടിവെള്ള പദ്ധതികൾ പാക്കേജ്-2, പൈവളികെ പാക്കേജ്-2 എന്നിവയുടെ സ്രോതസായി ഉപ്പള പുഴയും പെർമുദെ ചേവാർ പദ്ധതിക്കായി ഷിറിയ പുഴയും 6 മൈക്രോ കുടിവെള്ള പദ്ധതികൾക്കായി കുഴൽ കിണറും സ്രോതസ്സായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിക്കായി ജല സ്രോത്രസ്സ് കണ്ടെത്താൻ കഴിയാത്ത പ്രദേശങ്ങളുടെ വിശദാംശം അറിയിക്കുമോ; | (സി) | മീഞ്ച, പൈവളികെ ഗ്രാമപഞ്ചായത്തുകളിൽ കണ്ടെത്തിയ ജലസ്രോതസ്സുകൾ അനുയോജ്യമാണ്. എന്നിരുന്നാലും മീഞ്ച, പൈവളികെ പഞ്ചായത്തുകളിൽ കണ്ടെത്തിയ സ്രോതസ്സുകളിൽ വേനൽ രൂക്ഷമാവുന്നതിനനുസൃതമായി ജലലഭ്യത കുറവ് അനുഭവപ്പെടാൻ സാധ്യതയുണ്ട്. |
| (ഡി) | പ്രസ്തുത മണ്ഡലത്തിൽ പദ്ധതിക്കായി എത്ര തുക ചെലവഴിച്ചു എന്ന് പഞ്ചായത്ത് തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ; | (ഡി) | അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഇ) | പ്രസ്തുത പദ്ധതിയിലെ കരാറുകാർക്ക് തുക നൽകാനുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | കരാറുകാർക്ക് തുക നൽകാനുണ്ട്. കേരള വാട്ടർ അതോറിറ്റി പദ്ധതി നടപ്പിലാക്കുന്നതിനായി 6 പഞ്ചായത്തുകളിൽ കരാറുകാർക്ക് നൽകാനുള്ള തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

### മഞ്ചേശ്വരം മണ്ഡലത്തിലെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | JJM നു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ | നിലവിലെ പുരോഗതി |
|---|---|---|---|---|---|---|---|---|
| എൻമകജെ | 5438 | 192 | 5246 | 2540.00 | 2818 | 3010 | 2428 | മൊത്തം 9 പ്രവൃത്തികളായിട്ടാണ് നടപ്പിലാക്കുന്നത്. ഇതിൽ 2 എണ്ണം പൂർത്തീകരിച്ചു. 7 എണ്ണം പുരോഗമിച്ച് വരുന്നു. |
| കുമ്പള | 9519 | 1193 | 8326 | 10251.00 | 1825 | 3018 | 6501 | മൊത്തം 8 പ്രവൃത്തികളായിട്ടാണ് നടപ്പിലാക്കുന്നത്. ഇതിൽ 3 എണ്ണം പൂർത്തീകരിച്ചു. കിണർ, ശുദ്ധീകരണശാല, പമ്പിങ്ങമെയിന്, പമ്പ് സെറ്റ്, സംഭരണികള്, വിതരണശൃഖല എന്നിവ ഉൾപ്പെട്ടിട്ടുള്ള 5 പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. |
| മംഗൽപാടി | 10197 | 1376 | 8821 | 5076.00 | 2317 | 3693 | 6504 | മൊത്തം 7 പ്രവൃത്തികളായിട്ടാണ് നടപ്പിലാക്കുന്നത്. ഇതിൽ 1 എണ്ണം പൂർത്തീകരിച്ചു. 6 എണ്ണം പുരോഗമിച്ച് വരുന്നു. |
| മഞ്ചേശ്വരം | 8567 | 1311 | 6986 | 3440.00 | 1309 | 2620 | 5947 | മൊത്തം 3 പ്രവൃത്തികളായിട്ടാണ് നടപ്പിലാക്കുന്നത്. ഇതിൽ 1 എണ്ണം പൂർത്തീകരിച്ചു. 2 എണ്ണം പുരോഗമിച്ച് വരുന്നു. |
| മീഞ്ച | 5102 | 1879 | 3223 | 2038.80 | 100 | 1979 | 3123 | ജലനിധി ആണ് പദ്ധതി നടപ്പിലാക്കുന്നത് |
| പൈവലിക | 6757 | 2372 | 4385 | 5962.50 | 0 | 2372 | 4385 | |
| പുത്തിഗ | 4752 | 1922 | 4752 | 6235.40 | 0 | 1922 | 2830 | മൊത്തം 3 പ്രവൃത്തികളായിട്ടാണ് നടപ്പിലാക്കുന്നത്. ഇതിൽ 1 എണ്ണം പൂർത്തീകരിച്ചു. 2 എണ്ണം പുരോഗമിച്ച് വരുന്നു. |
| വോർക്കടി | 5484 | 51 | 5433 | 2923.00 | 2329 | 2380 | 3104 | മൊത്തം 2 പ്രവൃത്തികളായിട്ടാണ് നടപ്പിലാക്കുന്നത്. സംഭരണികള്, വിതരണശൃഖല എന്നിവ ഉൾപ്പെട്ടിട്ടുള്ള 2 പ്രവൃത്തി പുരോഗമിച്ച് വരുന്നു |
| ആകെ | 55816 | 10296 | 47172 | 38466.70 | 10698 | 20994 | 34822 | |

# ജലനിധി നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ പുരോഗതി

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | പദ്ധതിയുടെ പേര് | പ്രവൃത്തി | സ്റ്റാറ്റസ് | എസ്റ്റിമേറ്റ് തുക |
|---|---|---|---|---|---|
| 1 | മീഞ്ച | ബുദ്രിയ കുടിവെള്ള പദ്ധതി | ഗാർഹിക ടാപ്പ് കണക്ഷനുകൾ നൽകൽ | 80% പൂർത്തികരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. | 45,00,000/- |
| 2 | | ധൂമരക്കാട് കുടിവെള്ള പദ്ധതി | ഗാർഹിക ടാപ്പ്കണക്ഷനുകൾ നൽകൽ | 80% പൂർത്തികരിച്ചു ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. | 45,00,000/- |
| 3 | | എലിയാന കുടിവെള്ള പദ്ധതി | ഗാർഹിക ടാപ്പ്കണക്ഷനുകൾ നൽകൽ | HDPE പൈപ്പുകളുടെ വില അധികരിച്ചത് കാരണം പ്രവൃത്തി ആരംഭിച്ചിട്ടില്ല. | 45,00,000/- |
| 4 | | സാന്തടുക്ക കുടിവെള്ള പദ്ധതി | ഗാർഹിക ടാപ്പ്കണക്ഷനുകൾ നൽകൽ | 75% പൂർത്തികരിച്ചു പ്രവൃത്തികൾ പുരോഗമിക്കുന്നു. | 45,00,000/- |
| 5 | | ദുർഗ്ഗിപ്പള്ള കുടിവെള്ള പദ്ധതി | ഗാർഹിക ടാപ്പ്കണക്ഷനുകൾ നൽകൽ | സമിതിയുടെ എതിർപ്പ് കാരണം പ്രവൃത്തി ആരംഭിച്ചിട്ടില്ല. | 45,00,000/- |
| 6 | | വിവിധ ചെറുകിട കുടിവെള്ള പദ്ധതികൾ | ഗാർഹിക ടാപ്പ്കണക്ഷനുകൾ നൽകൽ | 15% പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. | 75,00,000/- |
| 7 | | 6 പുതിയ ചെറുകിട കുടിവെള്ള പദ്ധതികൾ | ഗാർഹിക ടാപ്പ്കണക്ഷനുകൾ നൽകൽ | 20% പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. | 93,00,000/- |
| 8 | | ബാക്കിയുള്ള കുടിവെള്ള പദ്ധതികൾ | ഗാർഹിക ടാപ്പ്കണക്ഷനുകൾ നൽകൽ | ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി അവാർഡ് ചെയ്തെങ്കിലും വീടുകൾ ലഭിക്കാത്തതിനാൽ പ്രവൃത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | 2,93,00,000/- |
| 9 | | ബേരിക്ക കുടിവെള്ള പദ്ധതി | ഗാർഹിക ടാപ്പ്കണക്ഷനുകൾ നൽകൽ | 60% പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. | 45,00,000/- |
| 10 | | ബാളിയൂർ കുടിവെള്ള പദ്ധതി | ഗാർഹിക ടാപ്പ്കണക്ഷനുകൾ നൽകൽ | പ്രവൃത്തി പൂർത്തീകരിച്ചു. | 45,00,000/- |

| | | | | | |
|---|---|---|---|---|---|
| 11 | | പമ്പിംഗ് മെയിൻ പ്രഷർ ഫിൽട്ടർ പ്രവൃത്തികൾ. | പമ്പിംഗ് മെയിൻ & പ്രഷർ ഫിൽട്ടർ സ്ഥാപിക്കൽ | HDPE പൈപ്പുകളുടെ വില അധികരിച്ചത് കാരണം പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. പ്രവൃത്തികൾ ആരംഭിക്കാൻ കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. | 1,89,00,000/- |
| 12 | | പൈവളികെ കുടിവെള്ള പദ്ധതി (പാക്കേജ്-1) | ഗാർഹിക ടാപ്പ്കണക്ഷനുകൾ നൽകൽ | 3 സ്കീമുകളിൽ നിന്നും സെൻസസ് ഡാറ്റ പ്രകാരം ലഭ്യമായ 3525 ഗാർഹിക ടാപ്പ് കണക്ഷനുകൾ നൽകുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതെങ്കിലും വിശദമായ സർവ്വെ നടപടികൾ പൂർത്തീകരിച്ചപ്പോൾ 600 വീടുകൾ മാത്രമാണ് ലഭ്യമായത്. ആയതിന് അനുസൃതമായ പൈപ്പുകൾ ഇറക്കാനാണ് കരാറുകാരനോട് ആവശ്യപ്പെട്ടതെങ്കിലും ആയതിന് തയ്യാറാവാതെ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കിത്തരണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിരുന്നു .ആയതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു | 2,98,00,000/- |
| 13 | | ഗ്രാമപഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ | ഗാർഹിക ടാപ്പ്കണക്ഷനുകൾ നൽകൽ | | 1,59,50,000/- |
| 14 | | പൈവളികെ കുടിവെള്ള പദ്ധതി (പാക്കേജ്-2) | ഗാർഹിക ടാപ്പ്കണക്ഷനുകൾ നൽകൽ | | 2,19,00,000/- |
| 15 | പൈവളികെ | കുരുടപ്പദവ് കുടിവെള്ള പദ്ധതി | ഗാർഹിക ടാപ്പ്കണക്ഷനുകൾ നൽകൽ | 150mm DI K9 പൈപ്പുകളുടെ വില വർദ്ധനവ് കാരണം പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രവൃത്തികൾ ആരംഭിക്കാൻ കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. | 1,20,00,000/- |

| | | | | | |
|---|---|---|---|---|---|
| 16 | | പെർമുദെ ചേവാർ കുടിവെള്ള പദ്ധതി | ഗാർഹിക ടാപ്പ്കണക്ഷനുകൾ നൽകൽ | 150mm DI K9 പൈപ്പുകളുടെ വില വർദ്ധനവ് കാരണം പ്രവൃത്തി ആരംഭിച്ചിട്ടില്ല. കരാറുകാരനെ ഒഴിവാക്കുന്നതിൽ വ്യക്തത വരുത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു. | 1,50,00,000/- |
| 17 | | 6 പുതിയ ചെറുകിട കുടിവെള്ള പദ്ധതികൾ | ഗാർഹിക ടാപ്പ്കണക്ഷനുകൾ നൽകൽ | പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | 93,00,000/- |
| 18 | | നിലവിലുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ | ഗാർഹിക ടാപ്പ്കണക്ഷനുകൾ നൽകൽ | പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | 75,00,000/- |
| 19 | | 5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കിലേക്കുള്ള പമ്പിംഗ് മെയിൻ പ്രവൃത്തി | പമ്പിംഗ് മെയിൻ പ്രവൃത്തി | ടെണ്ടർ തുക 15% അധികരിച്ചതിനാൽ ടെണ്ടർ അംഗീകരിക്കാതെ 15-04-2024-ന് റീ ടെണ്ടർ ചെയ്യാനാണ് സർക്കാരിൽ നിന്നും ഉത്തരവായിരിക്കുന്നത്. എന്നാൽ ജൽ ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ മാർച്ച്-15-നുള്ളിൽ അവാർഡ് ചെയ്യാൻ മിഷൻ ഡയറക്ടറുടെ 06-02-2024 തീയതിയിലെ കത്തിൽ നിർദ്ദേശം ഉള്ളതിനാൽ റീ ടെണ്ടർ ചെയ്തിട്ടില്ല . | 2,01,00,000/- |

**അനുബന്ധം 2**

| പഞ്ചായത്ത് | ചെലവഴിച്ച തുക |
|---|---|
| എൻമകജെ | 941.43 ലക്ഷം |
| കുമ്പള | 385.31 ലക്ഷം |
| മംഗൽപാടി | 503.52 ലക്ഷം |
| മഞ്ചേശ്വരം | 833.69 ലക്ഷം |
| വോർക്കാടി | 1194.49 ലക്ഷം |
| പുത്തിഗ | 1108.34 ലക്ഷം |
| മീഞ്ച | 0 |
| പൈവളികെ | 0 |

**അനുബന്ധം 3**

| പഞ്ചായത്ത് | കരാറുകാർക്ക് നൽകാനുള്ള തുക |
|---|---|
| എൻമകജെ | 160. 93 ലക്ഷം |
| കുമ്പള മംഗൽപാടി ലക്ഷം (രണ്ടു പഞ്ചായത്തുകൾക്കും കൂടി) | 519.06 ലക്ഷം |
| മഞ്ചേശ്വരം | 107.31 ലക്ഷം |
| വോർക്കടി | 109.56 ലക്ഷം |
| പുത്തിഗ | 1194.49 ലക്ഷം |
| | **2091.35 ലക്ഷം** |